# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്കാര്യാലയം

**Email :Adichanalloorgpt 2015@ gmail. com.   Phone:0474- 2593341**

നമ്പർ :എ4-9392/38/2023 — തീയതി - 27.01.2024

പ്രേഷകൻ

സെക്രട്ടറി

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ബഹു.പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കൊല്ലം

സർ,

വിഷയം :ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്-സിറ്റസൺ പോർട്ടലിൽ പൊതുജനങ്ങളിൽ നിന്നും ലഭിച്ച പരാതികൾ/അപേക്ഷകൾ മറുപടി നൽകുന്നത്- സംബന്ധിച്ച്

സൂചന: സിറ്റിസൺ പോർട്ടലിൽ സമർപ്പിച്ച **കെ.എൽ.എം 1260365** നമ്പർ അപേക്ഷ .

സർ.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ,വടക്കേ മൈലക്കാട്,ശ്യാം വിലാസത്തിൽ ശ്രീ.ശശിധരൻ നായർ സമർപ്പിച്ച പരാതി പ്രകാരം അന്വേഷണം നടത്തിയതിൽ ടി യാൻ നിർമ്മാണം പൂർത്തിയാക്കിയ വീടിന് പുറകുവശവും,ഒരു സൈഡിലൂടെയും കെ.ഐ.പി കനാൽ കടന്നുപോകുന്നു.ടി കനാലിന്റെ അതിർത്തിയിൽ നിന്നും കെ.പി.ബി.ആർ 2019 റൂൾ 26 പ്രകാരം ആവശ്യമായ അകലങ്ങൾ പാലിക്കാതെയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.കനാലിന്റെ അതിർത്തികല്ലിൽ നിന്നും ഒരു വശത്ത് 40 സെന്റീമീറ്ററും,പുറക് വശത്ത് 50 സെന്റീമീറ്ററും മാത്രമാണ് സെറ്റ് ബാക്ക്.ടി കെട്ടിടത്തിന് മുൻ വശത്ത് 165 സെന്റീമീറ്ററും,മറ്റൊരു വശത്ത് 126 സെന്റീമീറ്ററുമാണ് നിലവിലുള്ളത്. ആയതിനാൽ കെ.പി.ബി.ആർ 2019 പ്രകാരം ആവശ്യമായ അകലങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിച്ചാൽ മാത്രമേ ടി യാന്റെ അപേക്ഷയിൽ ഈ ഓഫീസിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയൂ എന്ന വിവരം അങ്ങയുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി സമർപ്പിച്ചു കൊള്ളുന്നു.ടി യാൻ അൺഓതറൈസ്ഡ് നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ ആയത് പരിഗണിക്കുന്നതാണെന്ന വിവരവും ബോധിപ്പിക്കുന്നു. പരാതിക്കാരന് നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ

SECRETARY

PH: 0474 2593341

# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്കാര്യാലയം

**Email :Adichanalloorgpt 2015@ gmail. com.** **Phone:0474- 2593341**

നമ്പർ :എ4-9392/38/2023 തീയതി -27.01.2024

പ്രേഷകൻ

സെക്രട്ടറി

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ശ്രീ.ശശിധരൻ നായർ

ശ്യാം വിലാസം,വടക്കേമൈലക്കാട്,ആദിച്ചനല്ലൂർ

സർ,

വിഷയം :ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്-നവകേരള സദസ്സിൽ പൊതുജനങ്ങളിൽ നിന്നും ലഭിച്ച പരാതികൾ/അപേക്ഷകൾ മറുപടി നൽകുന്നത്- സംബന്ധിച്ച്

സൂചന : താങ്കൾ നവകേരള സദസ്സിൽ 20/12/2023 ൽ സമർപ്പിച്ച **കെ.എൽ.എം 1260365** അപേക്ഷ .

സൂചന പ്രകാരം താങ്കൾ സമർപ്പിച്ച പരാതി പ്രകാരം അന്വേഷണം നടത്തിയതിൽ താങ്കൾ നിർമ്മാണം പൂർത്തിയാക്കിയ വീടിന് പുറകുവശവും,ഒരു സൈഡിലൂടെയും കെ.ഐ.പി കനാൽ കടന്നുപോകുന്നു.ടി കനാലിന്റെ അതിർത്തിയിൽ നിന്നും കെ.പി.ബി.ആർ 2019 റൂൾ 26 പ്രകാരം ആവശ്യമായ അകലങ്ങൾ പാലിക്കാതെയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.കനാലിന്റെ അതിർത്തികല്ലിൽ നിന്നും ഒരു വശത്ത് 40 സെന്റീമീറ്ററും,പുറക് വശത്ത് 50 സെന്റീമീറ്ററും മാത്രമാണ് സെറ്റ് ബാക്ക്.ടി കെട്ടിടത്തിന് മുൻ വശത്ത് 165 സെന്റീമീറ്ററും,മറ്റൊരു വശത്ത് 126 സെന്റീമീറ്ററുമാണ് നിലവിലുള്ളത്.(റൂൾ പ്രകാരം ആവശ്യമായത് മുൻവശം 3 മീറ്റർ,പുറക് വശം 1.5 മീറ്റർ,സൈഡ് വശങ്ങൾ 1 മീറ്റർ) ആയതിനാൽ താങ്കളുടെ അപേക്ഷയിൽ നിലവിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയില്ല എന്ന വിവരവും , ടി അപാകതകൾ പരിഹരിച്ച് കെ.പി.ബി.ആർ 2019 പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് താങ്കൾക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതാണെന്ന വിവരവും അറിയിക്കുന്നു.അല്ലാത്തപക്ഷം അൺഓതറൈസ്ഡ് കെട്ടിട നമ്പരിന് അപേക്ഷ സമർപ്പിച്ചാൽ മൂന്നിരട്ടി കരം ഈടാക്കി അൺഓതറൈസ്ഡ് കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

SECRETARY
ADICHANALLOOR GRAMA PANCHAYAT
ADICHANALLOOR P.O., KOLLAM - 6915..